HAND BOOK ON e-HOSPITAL ON-BOARDING & ONLINE REGISTRATION SYSTEM [ORS] REGISTRATION

INDEX

Sl No	Subject	Page No
1	E-Hospital On-Boarding	1
2	O P Ticket Generation	11
2	ORS Registration	12

Prepared by:

DR MANESH KUMAR E

I T Nodal Officer

Indian Systems of Medicine



HAND BOOK ON e-HOSPITAL ON-BOARDING & ONLINE REGISTRATION SYSTEM [ORS] REGISTRATION

നാഷണൽ ഇൻഫോർമാറ്റിക്സ് സെന്റർ [NIC] വികസിപ്പിച്ചെടുത്ത ഓപ്പൺ സോഴ്സ് ഹെൽത്ത് മാനേജ്മെന്റ് ഇൻഫോർമേഷൻ സിസ്റ്റം [HMIS] ആണ് e-Hospital[@NIC] . ഈ സോഫ്റ്റ് വെയർ വഴി ആശുപത്രികളിലേയും ഡിസ്പെൻസറികളിലേയും ഓ.പി / ഐ.പി. മാനേജ്മെന്റ്, ഓ.പി. ടിക്കറ്റ് വിതരണം, മരുന്നുവിതരണം തുടങ്ങിയവയെല്ലാം ഓൺലൈനായി മാനേജ് ചെയ്യാൻ കഴിയും. കേരളത്തിലെ മിക്ക ജില്ലാ ആയുർവേദ ആശുപത്രികളിലും ചടയമംഗലം ഗവ. ആയുർവേദ ഡിസ്പെൻസറിയിലും ബേസിക് മോഡ്യൂൾ ആരംഭിച്ചിട്ടുണ്ട്. കാസർഗോഡ് മൊഗ്രാൽ യുനാനി ഡിസ്പെൻസറിയിൽ എല്ലാ മോഡ്യൂളുകളും പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ചിട്ടുണ്ട്.

ഓൺലൈൻ ഹെൽത്ത് മാനേജ്മെന്റ് ഇൻഫോർമേഷൻ സിസ്റ്റം രണ്ട് ഘട്ടമായാണ് രജിസ്റ്റർ ചെയ്യുന്നത്.

1. Hospital On-Boarding
2. ORS Registration

ഇത് സംബന്ധിച്ച നിർദ്ദേശം ഡയറക്ടേറ്റിൽ നിന്നോ, ജില്ലാ മെഡിക്കൽ ഓഫീസിൽ നിന്നോ ലഭിച്ചാൽ മാത്രം ഈ സൈറ്റിൽ രജിസ്ട്രേഷൻ ചെയ്താൽ മതിയാകുന്നതാണ്.

Hospital On – Boarding

ആശുപത്രിയിലെ ഓ.പി. മാനേജ്മെന്റ്, ഓ.പി. ടിക്കറ്റ് വിതരണം, മരുന്നുവിതരണം തുടങ്ങിയവ ഈ മോഡ്യൂളിലെ രജിസ്ട്രേഷൻ വഴി ചെയ്യാവുന്നതാണ്. www.ehospital.ism.kerala.gov.in എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്തശേഷം, അതിൽ നിന്നും ലഭിക്കുന്ന ഓൺലൈൻ രജിസ്ട്രേഷൻ ഫോറം, മെഡിക്കൽ ഓഫീസർ സൈൻ ചെയ്ത്, ഓഫീസ് സീലും പതിപ്പിച്ച്, ജില്ലാ മെഡിക്കൽ ഓഫീസർ മുഖേന ഡയറക്ടേറ്റിലേക്ക് അയച്ചുനൽകേണ്ടതാണ്. NIC യുമായി ബന്ധപ്പെട്ട, രജിസ്ട്രേഷൻ സംബന്ധിച്ച ബാക്കി നടപടിക്രമങ്ങൾ ഡയറക്ടേറ്റിൽ നിന്നും ചെയ്യുന്നതാണ്.

ഓൺലൈൻ രജിസ്ട്രേഷൻ ചെയ്യുന്നതിനായി NIC യുടെ മുകളിൽ പറഞ്ഞ സൈറ്റിൽ ക്ലിക്ക് ചെയ്യുക, അല്ലെങ്കിൽ അഡ്രസ്സ് ബാറിൽ

ehospital.ism.kerala.gov.in എന്ന് ടൈപ്പ് ചെയ്ത് പ്രൊസീഡ് ചെയ്യുക. തുടർന്ന് ഇ –ഹോസ്പിറ്റലിന്റെ ഹോം പേജ് ഓപ്പൺ ആകുന്നതാണ്.

അതിൽ മുകളിൽ പച്ചനിറത്തിൽ കാണുന്ന **Join e-Hospital** എന്ന ബട്ടണിൽ ക്ലിക്ക് ചെയ്യുക. തുടർന്ന് e-Hospital@NIC യുടെ ഹോസ്പിറ്റൽ ഓൺബോർഡിംഗ് പേജ് ഓപ്പണാവുന്നതാണ്. അതിൽ താഴെയായി കാണുന്ന **Click here For Hospital On-boarding** എന്ന ബട്ടണിൽ ക്ലിക്ക് ചെയ്യുക.

തുടർന്ന്, ആശുപത്രിയുടെ NIN ID [National Identification Number] ആവശ്യപ്പെട്ടുള്ള വിൻഡോ വരുന്നതാണ്. ആദ്യത്തെ രജിസ്ട്രേഷൻ ആയതിനാൽ, അതിൽ NO കൊടുത്ത് പ്രൊസീഡ് ചെയ്യുക.



തുടർന്ന്, Request for e-Hospital@NIC പേജ് ഓപ്പണാവുന്നതാണ്. ഇതാണ് ഓൺലൈൻ രജിസ്ട്രേഷൻ ഫോറം. ഈ ഫോറത്തിൽ 4 പേജുകളാണ് പൂരിപ്പിക്കാനുള്ളത്.

1. Health Care Facility Details
2. Module Requirements
3. Infrastructure Details
4. Officer Details

ഈ 4 പേജുകളും പൂരിപ്പിച്ചുകഴിഞ്ഞാൽ, ഓൺലൈൻ അപേക്ഷാഫോറം, നമ്മുടെ മൊബൈൽ ഫോണിൽ വരുന്ന OTP വഴി സബ്മിറ്റ് ചെയ്യാവുന്നതാണ്.



Health Care Facility Details:

നമ്മുടെ ആരോഗ്യസ്ഥാപനം സംബന്ധിച്ച അടിസ്ഥാനവിവരങ്ങളാണ് ഈ പേജിൽ നൽകേണ്ടത്.

Facility Name : സ്ഥാപനത്തിന്റെ പേരു നൽകുക.

Facility abbreviation : സ്ഥാപനത്തിന് ചുരുക്കപ്പേരുണ്ടെങ്കിൽ നൽകുക.

Facility Type : ഡിസ്പെൻസറിക്ക് PHC സെലക്റ്റ് ചെയ്യുക.

About : സ്ഥാപനത്തെക്കുറിച്ചുള്ള ചുരുക്കവിവരണം നൽകുക.

Central / State Govt. : State govt സെലക്റ്റ് ചെയ്യുക.

State : Kerala സെലക്റ്റ് ചെയ്യുക.

District : ജില്ല സെലക്റ്റ് ചെയ്യുക.

Address : സ്ഥാപനത്തിന്റെ അഡ്രസ്സ് നൽകുക.

ഇത്രയും വിവരങ്ങൾ നൽകിയശേഷം Next ബട്ടണിൽ ക്ലിക്ക് ചെയ്ത്, അടുത്ത പേജിലേക്ക് പ്രവേശിക്കുക.



Module Requirements:

നമുക്ക് ആവശ്യമായ ഇ-ഹോസ്പിറ്റൽ മോഡ്യൂൾ വിവരങ്ങളാണ് ഈ പേജിൽ നൽകേണ്ടത്. ആശുപത്രികൾക്ക് Complete module സെലക്റ്റ്

ചെയ്യാവുന്നതാണ്. ഡിസ്പെൻസറികൾക്ക്, Base Module – Phase I ആണ് സെലക്റ്റ് ചെയ്യേണ്ടത്. ബേസ് മോഡ്യൂൾ പൂർത്തീകരിച്ചാൽ മാത്രമേ, തുടർന്നുള്ള Advanced, Auxillary മോഡ്യൂളുകളിലേക്ക് അപേക്ഷിക്കാൻ കഴിയുകയുള്ളൂ.



ബേസ് മോഡ്യൂൾ സെലക്റ്റ് ചെയ്ത്, താഴെയുള്ള ORS [Online Registration System] കൂടി മാർക്ക് ചെയ്തശേഷം, Next ബട്ടണിൽ ക്ലിക്ക് ചെയ്ത്, മൂന്നാമത്തെ പേജിലേക്ക് പ്രവേശിക്കാവുന്നതാണ്.

General Infra Structure Details:

ഇ-ഹോസ്പിറ്റൽ മോഡ്യൂൾ അനുവദിക്കുന്നതിനായി, നമ്മുടെ സ്ഥാപനത്തിന്റെ ഭൗതിക സാഹചര്യങ്ങളും അടിസ്ഥാനവിവരങ്ങളുമാണ് ഈ പേജിൽ നൽകേണ്ടത്.



Request for e-Hospital@NIC

Health Care Facility Details | Module Requirements | Infrastructure Details | Officer Details

General Infrastructure Details

Average Number of (patients/day):

New OPD:	50	Casualty:	0
Follow-up OPD:	70	Patients Admitted:	0
Patients Discharged:	0		

Other Infrastructure Details:

No. of Bed:	Number	No. of General Ward:	Number
No. of Private Ward:	Number	No. of ICU:	Number
No. of Doctor:	Number	No. of Nurse:	Number
No. of Clinic:	Number	No. of Department:	Number

Average Number of Patients per Day, Other Infrastructure Details, Number of Counters, Laboratory Details, Radiology Details തുടങ്ങിയവയിൽ ബാധകമായവ മാത്രം പൂരിപ്പിക്കുക.



Other Infrastructure Details:

No. of Bed:	Number	No. of General Ward:	Number
No. of Private Ward:	Number	No. of ICU:	Number
No. of Doctor:	Number	No. of Nurse:	Number
No. of Clinic:	Number	No. of Department:	Number

Number of Counters:

OPD Registration:		Casualty Counter:	
IPD Admission:		No. of Billing Counters:	
Pharmacy Counters:			

Laboratory Details:

No. of Laboratory:	No. of Laboratories	No. of Sample Collection Centre:	No. of Sample Collectio

Radiology Details:

No. of Radiology Equipment:	No. of Radiology Equipr

അതിനുശേഷം, സ്ഥാപനത്തിലെ Desktop PCs, Technical Man Power Details, Local Area Network, Previous HMIS തുടങ്ങിയവ പൂരിപ്പിക്കുക. ഇവയിലും ബാധകമായവ മാത്രം പൂരിപ്പിച്ചാൽ മതിയാകുന്നതാണ്.



Previous HMIS എന്ന കോളത്തിൽ No കൊടുത്താൽ മതി. അതിനുശേഷം Next ബട്ടണിൽ ക്ലിക്ക് ചെയ്ത്, അവസാന പേജിലേക്ക് പ്രവേശിക്കുക.



Officer Details:

ഈ പേജിൽ രണ്ട് കാര്യങ്ങളാണ് പൂരിപ്പിക്കേണ്ടത്. Head of Hospital, Nodal Officer എന്നിവരെ സംബന്ധിച്ച വിവരങ്ങളാണ് നൽകേണ്ടുന്നത്. ഡിസ്പെൻസറി ആണെങ്കിൽ, രണ്ടിലും മെഡിക്കൽ ഓഫീസറുടെ പേരും വിവരങ്ങളും നൽകിയാൽ മതിയാവുന്നതാണ്. ആശുപത്രികളിൽ, Head of Hospital ആയി CMO യും, നോഡൽ ഓഫീസറായി മറ്റൊരു മെഡിക്കൽ ഓഫീസറും ചുമതല നൽകാവുന്നതാണ്.



ഓഫീസർമാരുടെ Name, Designation, Land phone number, Mobile Number, E-Mail തുടങ്ങിയവയാണ് ഈ പേജിൽ നൽകേണ്ടത്.



തുടർന്ന്, താഴെയുള്ള ചെക്ക് ബോക്സിൽ ടിക്ക് മാർക്ക് ചെയ്ത്, **Generate OTP** എന്ന ബട്ടണിൽ ക്ലിക്ക് ചെയ്യുക.



NIC യിൽ നിന്നുള്ള OTP നമ്മുടെ മൊബൈലിലേക്ക് വരുന്നതാണ്. ഈ OTP നിർദ്ദിഷ്ടകോളത്തിൽ എന്റർ ചെയ്ത്, Save ബട്ടണിൽ ക്ലിക്ക് ചെയ്യുന്നതോടെ നമ്മുടെ ഓൺലൈൻ അപേക്ഷ സബ്മിറ്റ് ആവുന്നതാണ്.

തുടർന്നുള്ള നിർദ്ദേശങ്ങൾ താഴെയായി നമുക്ക് കാണാവുന്നതാണ്.

Indian Systems of Medicine
Govt. of Kerala

Note:
- After submitting the form, access credentials will be sent to the nodal officer by **SMS**. Nodal officer needs to upload signed on-boarding form for verification.
- After verification, Nodal Officer will receive an SMS confirmation.
- Finally, Nodal Officer will receive another SMS with administrator details for e-Hospital@NIC.
- If your organization does not feature in the list, please get in touch with us here:

ഇപ്രകാരം രജിസ്റ്റർ ചെയ്ത അപേക്ഷയുടെ ഹാർഡ് കോപ്പി, മെഡിക്കൽ ഓഫീസർ ഒപ്പിട്ട് ഓഫീസ് സീലും പതിപ്പിച്ച്, NIC യുടെ നോഡൽ ഓഫീസർക്ക് , ഡയറക്ടർ മുഖേന നൽകേണ്ടതുണ്ട്. അതിനായി, ഓൺലൈൻ അപേക്ഷയുടെ പ്രിന്റ്, Confirmation പേജിൽ വലതുവശത്തുള്ള Print ബട്ടണിൽ ക്ലിക്ക് ചെയ്ത്, ഡൗൺലോഡ് ചെയ്യെടുക്കേണ്ടതാണ്.



രണ്ട് പേജുള്ള ഈ സബ്മിഷൻ ഫോറം, ജില്ലാ മെഡിക്കൽ ഓഫീസർ മുഖേന ഡയറക്ടർക്ക് സമർപ്പിക്കാവുന്നതാണ്. ഡയറക്ടേറ്റിൽ നിന്നും ആവശ്യമായ ശുപാർശകൾ സഹിതം, NIC യിലേക്ക് സമർപ്പിക്കുന്ന അപേക്ഷ, അവർ അംഗീകരിക്കുന്നതോടെ, നമ്മുടെ സ്ഥാപനം ഇ-ഹോസ്പിറ്റൽ സംവിധാനത്തിൽ രജിസ്റ്റർ ആവുകയും, അത് ലോഗിൻ വിവരങ്ങൾ നമ്മുടെ ഫോണിലേക്കും മെയിലിലേക്കും വരികയും ചെയ്യുന്നതാണ്.

Appendix 'A' – Application form for e-Hospital@NIC On-boarding

REFERENCE ID :	**111700**
REQUEST FOR	**COMPULSORY MODULES FOR E-HOSPITAL@NIC** • e-Hospital • Patient Portal • ORS (Online Registration System)
HOSPITAL NAME :	GOVERNMENT AYURVEDA DISPENSARY, CHADAYAMANGALAM
HOSPITAL TYPE :	PHC
ABOUT HOSPITAL :	Ayurveda Health service providing centre under Governemt of Kerala, implementing various healthcare projects of both Kerala Government and Local Self Government of Chadayamangalam Grama Panchayath
CENTRAL GOVT./STATE GOVT. :	State Govt.
STATE :	KERALA
DISTRICT :	Kollam
WEBSITE :	N/A
HEAD OF THE HOSPITAL DETAILS	
NAME :	Dr. MANESH KUMAR E
DESIGNATION :	Medical Officer -in -Charge
PHONE NUMBER :	2475956
MOBILE NUMBER :	*******388
EMAIL :	gadchadayamangalam[at]gmail[dot]com
FAX :	
NODAL OFFICER DETAILS	
NAME :	Dr. MANESH KUMAR E
DESIGNATION :	Medical Officer -in -Charge
PHONE NUMBER :	2475956
MOBILE NUMBER :	*******388
EMAIL :	gadchadayamangalam[at]gmail[dot]com
FAX :	N/A

നമ്മുടെ സ്ഥാപനത്തിന്റെ കൺസൾട്ടേഷൻ വിവരങ്ങൾ, നമ്മുടെ ലോഗിനിൽ കോൺഫിഗർ ചെയ്യുന്നതിനായി, സ്ഥാപനത്തിന്റെ No. of buildings, No. of blocks, No. of Departments, No. of Doctors, Doctors Names, Consultation Room Numbers, No. of Pharmacists, Names of Pharmacists, OP Ticket Fees തുടങ്ങിയ വിവരങ്ങൾ താഴെ പറയുന്ന ഫോർമാറ്റിൽ, ഓൺലൈൻ രജിസ്ട്രേഷൻ ഫോറത്തിനൊപ്പം ഡയറക്ടേറ്റിലേക്ക് അയച്ചുകൊടുക്കേണ്ടതാണ്.

Consultation Configuration Details : Download

OP Ticket Generation in e-Hospital@NIC

NIC യുടെ e-Hospital സൈറ്റ് വഴി ഓ.പി. ടിക്കറ്റ് ജനറേറ്റ് ചെയ്യുന്നതിനായി, ഹോംപേജിലെ ലോഗിൻ ബട്ടണിൽ ക്ലിക്ക് ചെയ്ത്, ലോഗിൻ ക്രെഡൻഷ്യൽസ് നൽകി, ലോഗിൻ ചെയ്യുക.



ലോഗിൻ ക്രെഡൻഷ്യൽസ് നമുക്ക് NIC യിൽ നിന്നും മെയിൽ ആയി ലഭിക്കുന്നതാണ്. അപ്രകാരം കിട്ടിയില്ലെങ്കിൽ, ഡയറക്ടേറ്റിലെ ഐ.റ്റി. ഡിവിഷനുമായി ബന്ധപ്പെട്ടാൽ മതിയാകും. നമ്മുടെ സ്ഥാപനത്തിലെ ഫാർമസിസ്റ്റിന്റെ പേരിലാണ് ഡേറ്റാ എൻട്രിക്കും ഓ.പി. ടിക്കറ്റ് ജനറേഷനുമുള്ള ലോഗിൻ അനുവദിക്കുന്നത്. നിർദ്ദിഷ്ട പാസ് വേഡ് നൽകി ലോഗിൻ ചെയ്യുക.

തുടർന്നുവരുന്ന പേജിൽ, Patient Registration, Reports എന്നിങ്ങനെ 2 ഓപ്ഷനുകൾ കാണാവുന്നതാണ്. ഓ.പി. ടിക്കറ്റ് ജനറേഷനായി Patient Registration എന്ന ഓപ്ഷനിൽ ക്ലിക്ക് ചെയ്യുക. ഓ.പി. രജിസ്ട്രേഷൻ സംബന്ധിച്ച റിപ്പോർട്ടുകൾ ഡൗൺലോഡ് ചെയ്യുന്നതിനായി Reports എന്ന ഓപ്ഷൻ ഉപയോഗിക്കാവുന്നതാണ്.



Patient Registration ന്റെ വിൻഡോ ഓപ്പണാകുന്നതാണ്. അതിൽ ഇടതുവശത്തുള്ള Patient Registration എന്ന ബട്ടണിൽ ക്ലിക്ക് ചെയ്താൽ, ഓ.പി. രജിസ്ട്രേഷന്റെ വിവിധ മെനുവിവരങ്ങൾ വരുന്നതാണ്. അതിൽ New Registration എന്ന ബട്ടണിൽ ക്ലിക്ക് ചെയ്യുക.

തുടർന്ന്, ഓ.പി. ടിക്കറ്റിന്റെ വിവരങ്ങൾ എന്റർ ചെയ്യുന്നതിനുള്ള പേജ് ഓപ്പണാകുന്നതാണ്. ഈ പേജിന് 3 ഭാഗങ്ങളാണുള്ളത്.

1. General Information (PID)
2. Covid – 19 Patient Details
3. Patient Visit Information

ഈ 3 ഭാഗങ്ങളും പൂരിപ്പിച്ചുകഴിയുന്നതോടെ ഓ.പി. ടിക്കറ്റ് ജനറേറ്റ് ചെയ്യാവുന്നതാണ്.



രോഗിയുടെ പേരു, വയസ്സ്, മേൽവിലാസം, ഫോൺ നമ്പർ തുടങ്ങിയ വിവരങ്ങളാണ് ആദ്യത്തെ General Information എന്ന വിഭാഗത്തിൽ പൂരിപ്പിക്കേണ്ടത്. ലഭ്യമായ വിവരങ്ങൾ മാത്രം പൂരിപ്പിക്കാവുന്നതാണ്.



രോഗിയുടെ കോവിഡ് വാക്സിനേഷൻ സംബന്ധിച്ച വിവരങ്ങളാണ് COVID-19 Patient Details എന്ന ഭാഗത്ത് നൽകേണ്ടത്.



രോഗിയുടെ ഹോസ്പിറ്റൽ വിസിറ്റ് സംബന്ധിച്ച വിവരങ്ങളാണ് മൂന്നാമത്തെ ഭാഗമായ Patient Visist Information ൽ നൽകേണ്ടത്. ഇതിൽ ആദ്യം ഡിപ്പാർട്ട്മെന്റ്, അതിനുശേഷം ഡോക്ടറുടെ പേരു എന്നിവ സെലക്ട് ചെയ്യേണ്ടതാണ്. അതിനുശേഷം താഴെയുള്ള Save ബട്ടണിൽ ക്ലിക്ക് ചെയ്യുന്നതോടെ രോഗിയുടെ വിവരങ്ങൾ സ്ക്രീൻ മെസേജായി താഴെ കാണുന്ന രീതിയിൽ വരുന്നതാണ്.



അതിൽ Ok ബട്ടണിൽ ക്ലിക്ക് ചെയ്യുന്നതോടെ ഓ.പി. ടിക്കറ്റ് ജനറേറ്റ് ആവുന്നതാണ്. വലതുവശത്തുള്ള Print Registration Slip എന്ന ബട്ടണിൽ ക്ലിക്ക് ചെയ്ത്, ഓ.പി. ടിക്കറ്റിന്റെ PDF ഡൗൺലോഡ് ചെയ്യാവുന്നതാണ്.



അതിനുശേഷം Close ബട്ടണിൽ ക്ലിക്ക് ചെയ്ത്, പേജ് ക്ലോസ് ആക്കാവുന്നതാണ്. അതോടെ അടുത്ത Patient Registration നായി പേജ് ഓപ്പണാകുന്നതാണ്.

ORS [Online Registration System] Registration

നമ്മുടെ ആശുപത്രിയിൽ / ഡിസ്പെൻസറിയിൽ ഓൺലൈനായി അപ്പോയിന്റ്മെന്റ് ബുക്ക് ചെയ്യുന്നതിനായി www.ors.gov.in എന്ന NIC യുടെ സൈറ്റിൽ നമ്മുടെ സ്ഥാപനം രജിസ്റ്റർ ചെയ്യേണ്ടതുണ്ട്. ഇ-ഹോസ്പിറ്റലിൽ രജിസ്റ്റർ ചെയ്തതിനുശേഷം മാത്രമേ ORS സൈറ്റിൽ രജിസ്റ്റർ ചെയ്യാൻ കഴിയുകയുള്ളൂ.

ORS സൈറ്റിൽ രജിസ്റ്റർ ചെയ്യുന്നതിനായി, മുകളിൽ പറഞ്ഞ സൈറ്റ് ഓപ്പണാക്കുക. ഈ സൈറ്റിന്റെ ഹോംപേജ് താഴെ കാണുന്ന രീതിയിൽ ദൃശ്യമാവുന്നതാണ്.

ഈ പേജ് താഴേക്ക് സ്ക്രോൾ ചെയ്യുക. താഴെയായി കാണുന്ന HOSPITALS JOIN HERE എന്ന ബട്ടണിൽ ക്ലിക്ക് ചെയ്യുക.



തുടർന്ന് Online Registration System ന്റെ ഓൺലൈൻ അപേക്ഷാഫോറം ഓപ്പണാവുന്നതാണ്. ഇതിന് രണ്ട് ഭാഗങ്ങളാണുള്ളത്.

1. Hospital Details
2. Nodal Officer Details



Hospital Details:

നമ്മുടെ സ്ഥാപനത്തിന്റെ അടിസ്ഥാനവിവരങ്ങളാണ് ഇവിടെ നൽകേണ്ടത്. Hospital name, Hospital Type, State, Address തുടങ്ങിയവയെല്ലാം താഴെ കാണുന്നവിധം നൽകുക.

Website of Hospital : ehospital.ism.kerala.gov.in എന്ന് നൽകുക.

HMIS Soltion deployed : E-Hospital സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ Yes നൽകുക. ഇ–ഹോസ്പിറ്റൽ നിലവിലില്ലെങ്കിൽ, ഇവിടെ No സെലക്റ്റ് ചെയ്യുക.



HMIS Solution യെസ് നൽകിയാൽ, അത് സംബന്ധിച്ച താഴെ പറയുന്ന വിവരങ്ങൾ കൂടി നൽകേണ്ടതുണ്ട്.

Name of Hospital Management System : ഇവിടെ E-Hospital എന്ന് നൽകുക.

Name of Organisation : NIC എന്ന് നൽകുക.


Website Of Hospital:

ehospital.ism.kerala.gov.in

HMIS Solution deployed: ◉ Yes ○ No

If yes, Name of the Hospital Management system already Deployed

E- Hospital

Name of the Organization, who developed HMIS Solution

NIC

Average Number of OPD Registrations per day

100

Number of Doctors in the Hospital

1

Next

ഈ പേജിലെ ബാക്കിയുള്ള വിവരങ്ങൾ കൂടി പൂരിപ്പിച്ചശേഷം, Next ബട്ടണിൽ ക്ലിക്ക് ചെയ്ത്, അടുത്ത പേജിലേക്ക് പ്രവേശിക്കുക.

Nodal Officer Details:

ഈ പേജിൽ നമ്മുടെ സ്ഥാപനത്തിലെ ORS ന്റെ നോഡൽ ഓഫീസറെ സംബന്ധിച്ച വിവരങ്ങളാണ് നൽകേണ്ടത്. ഡിസ്പെൻസറി ആണെങ്കിൽ മെഡിക്കൽ ഓഫീസറുടെ വിവരങ്ങൾ തന്നെ നൽകിയാൽ മതി.


Hospital Details | Nodal Officer Details

Nodal Officer Name * :
DR MANESH KUMAR E

Designation *:
Senior Medical Officer

Mobile Number * :
9447091388

Land Line Number:
04742475956

E-mail Address * :
gadchadayamangalam@gmail.com

Name of Hospital Head
DR MANESH KUMAR E

Enter the code exactly as it appears: * 88585 Not readable
88585

Submit

എല്ലാ വിവരങ്ങളും നൽകിയശേഷം, താഴെയുള്ള Submit ബട്ടണിൽ ക്ലിക്ക് ചെയ്ത്, ORS നുള്ള ഓൺലൈൻ അപേക്ഷ സബ്മിറ്റ് ആക്കുക.


Request for Online Registration Framework(ORS) has been registered.

Request ID
91320017

OTP Sent to mobile number ******1388 *
113951

Validate

നമ്മുടെ മൊബൈലിലേക്ക് വന്ന OTP നിർദ്ദിഷ്ടകോളത്തിൽ എന്റർ ചെയ്തശേഷം, Validate ബട്ടണിൽ ക്ലിക്ക് ചെയ്യുക. തുടർന്ന്, നമ്മുടെ അപേക്ഷ രജിസ്റ്റർ ആയതായി സ്ക്രീനിൽ മെസേജ് വരുന്നതാണ്.



ആ സ്ക്രീനിൽ തന്നെ, നമ്മൾ ഇ-ഹോസ്പിറ്റലിനായി സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത PDF, മെഡിക്കൽ ഓഫീസർ ഒപ്പിട്ട് സീൽ പതിപ്പിച്ചത്, അറ്റാച്ച് ചെയ്യേണ്ടതായുണ്ട്. ആ ഡോക്യുമെന്റിന്റെ .jpg ഫോർമാറ്റിലുള്ള, 200 KB യിൽ താഴെയുള്ള image ആണ് അറ്റാച്ച് ചെയ്യേണ്ടത്.

ഇപ്രകാരം അറ്റാച്ച് ചെയ്തശേഷം, താഴെയുള്ള Upload ബട്ടണിൽ ക്ലിക്ക് ചെയ്യുന്നതോടെ നമ്മുടെ അപേക്ഷ ഫൈനലായി സബ്മിഷൻ ആകുന്നതാണ്. **അപേക്ഷയുടെ നമ്പർ [Request ID]** ഈ പേജിൽ നിന്നും ലഭിക്കുന്നതാണ്.



ORS ന്റെ അപേക്ഷ അപ്രൂവ് ചെയ്യുന്നത് NIC യുടെ ഡെൽഹി ഓഫീസിൽ നിന്നാണ്. അപ്രൂവൽ ആയിക്കഴിഞ്ഞാൽ, ലോഗിൻ ക്രഡൻഷ്യൽസ് ക്രിയേറ്റ് ചെയ്യുന്നതിനുള്ള ലിങ്ക് രജിസ്റ്റേർഡ് മൊബൈൽ നമ്പറിൽ മെസേജായി ലഭിക്കുന്നതാണ്.



ഈ ലിങ്കിൽ ക്ലിക്ക് ചെയ്താൽ ലോഗിൻ ക്രിയേറ്റ് ചെയ്യുന്നതിനുള്ള വിൻഡോ, ഫോണിൽ ഓപ്പണാകുന്നതാണ്. അതിൽ നമ്മുടെ Request ID കൊടുക്കുക. തുടർന്ന് നമ്മുടെ ഫോണിൽ വരുന്ന OTP എന്റർ ചെയ്തശേഷം, Verify OTP എന്ന ബട്ടണിൽ ക്ലിക്ക് ചെയ്യുക.



OTP വെരിഫൈഡ് ആയാൽ, User Name, Password എന്നിവ നമ്മുടെ ഇഷ്ടത്തിനനുസരിച്ച് ക്രിയേറ്റ് ചെയ്യുന്നതിനുള്ള വിൻഡോ താഴെ ഓപ്പണാവുന്നതാണ്. അതിൽ നമ്മൾ തന്നെ ക്രിയേറ്റ് ചെയ്യുന്ന User Name, Password എന്നിവ എന്റർ ചെയ്തശേഷം, Next ബട്ടണിൽ ക്ലിക്ക് ചെയ്യുന്നതോടെ, നമ്മുടെ സ്ഥാപനത്തിന്റെ ORS ൽ ലോഗിൻ ക്രിയേറ്റ് ആവുന്നതാണ്. ഈ ക്രഡൻഷ്യൽസ് വച്ച് നമുക്ക് സൈറ്റിൽ ലോഗിൻ ചെയ്യാവുന്നതാണ്.



ഭാരതീയ ചികിത്സാവകുപ്പ്
Indian Systems of Medicine
Govt. of Kerala